## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6382 31.10. 2011 - ൽ മറുപടിക്ക്

## ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം

<u>ചോദ്യം</u>

ശ്രീ. കെ.വി. വിജയദാസ്

<u>മറുപടി</u>

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു: വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

എ) ചലച്ചിത്ര അക്കാദമിയുടേയും ചലച്ചിത്ര വികസന കോർപ്പറേഷൻേറയും അടുത്ത ഒരു വർഷത്തെ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

എ) ചലച്ചിത്ര വീഡിയോ ആർക്കൈവ്സ് രൂപീകരിക്കുക, ദൃശ്യ - ശ്രാവ്യ ഗ്രന്ഥാലയം സ്ഥാപിച്ച് പരിപാലിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, പ്രാദേശിക അന്തർ ദേശീയ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുക, സംസ്ഥാന ചലച്ചിത്ര ടെലിവിഷൻ അവാർഡുകൾ നിർണ്ണയിച്ചു വിതരണം ചെയ്യുക, പൊതുജനങ്ങളുടെ ആവശ്യാനുസരണം ദൃശ്യ - ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഇവയുടെ പ്രദർശനത്തിന് തീയേറ്ററുകൾ സജ്ജീകരിക്കുക, കലാമൂല്യമുള്ള സിനിമകളെ അന്തർദേശീയ തലത്തിൽ പ്രോത്സാഹിപ്പിക്കുക മുതലായവയാണ് അടുത്ത ഒരു വർഷത്തെ അക്കാദമിയുടെ പദ്ധതികൾ.

ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്. സ്റ്റുഡിയോയുടെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ മുതലെടുത്ത് നാനാവിധമായ സൗകര്യങ്ങൾ ഒരുക്കി അതിനെ ഒരു ഫിലിം സിറ്റിയാക്കി മാറ്റാനും ഫിലിം & ടിവി മേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനും ചിത്രാഞ്ജലി സ്കൂൾ ഫോർ ഫിലിം & ടിവി എന്ന പേരിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്ന കാര്യവും പരിഗണനയിലാണ്. ചിത്രാഞ്ജലി സ്റ്റുഡിയോയിലെ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവത്ക്കരണത്തിനും വേണ്ടി ഡിജിറ്റൽ ഇന്റർമീഡിയറ്റ് വർക്ക് സ്റ്റേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സിനിമാ യൂണിറ്റ് തുടങ്ങുന്നതിനും തിരുവനന്തപുരം നഗരത്തിലെ വഴുതക്കാട് കലാഭവൻ തിയേറ്ററിൽ ഡിജിറ്റൽ/ഡി,ടി,എസ് സംവിധാനം ഏർപ്പെടുത്തി ആധുനികവത്ക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒറ്റ തിയേറ്റർ രണ്ടു തിയേറ്റർ ആക്കി മാറ്റാനും, രണ്ടു തിയേറ്റർ സമുച്ചയം മൂന്ന് തിയേറ്റർ സമുച്ചയമാക്കി മാറ്റി പരിഷ്കരിക്കാനും ആലോചിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | അന്തരിച്ച പ്രശസ്ത നടനായ ഒടുവിൽ ഉണ്ണികൃഷ്ണന്റെ സ്മരണക്കായി അദ്ദേഹത്തിന്റെ ജന്മനാടായ <u>കേരളശ്ശേരിയിലുള്ള</u> ഒടുവിൽ ഫൗണ്ടേഷനുമായി ചേർന്ന് സ്മാരകം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ; | ബി) & സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ഒടുവിൽ സ് മാരക <u>നിർമ്മാണത്തിനുള്ള</u> നടപടി അടിയന്തിരമായി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ